സി.ആർ 1532/2023

കാർഷിക വികസന കർഷക ക്ഷേമ
വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി: 01/04/2024

## സർക്കുലർ

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്- SCORE- കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിക്കാത്തത്- വിശദീകരണം തോടുന്നത് സംബന്ധിച്ച്.

സൂചന:- 1. 24/04/2023 ലെ കൃഷി (ഇ ബി ) വകുപ്പിന്റെ EB1/57/2223 നമ്പർ സർക്കുലർ.
2. ഈ ഓഫീസിലെ 05/02/2024 ലെ സർക്കുലർ.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ വിവിധ തസ്തികകളിൽ ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള 2023 വർഷത്തെ ഫീൽഡ് ഓഫ് ചോയ്സിൽ ഉൾപ്പെട്ടതും കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്ത ഉദ്യോഗസ്ഥരോട് വിശദീകരണം തേടുന്നതിന് അതാത് റിപ്പോർട്ടിംഗ് / റിവ്യൂവിംഗ് ഓഫീസർമാർക്ക് സൂചന (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ചില ഉദ്യോഗസ്ഥർ കോൺഫിഡൻഷ്യൽ റിപ്പോർട്ട് നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല . ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും, റിപ്പോർട്ടിംഗ് / റിവ്യൂവിംഗ് ഓഫീസറുടെ ഭാഗത്തു നിന്നുമുള്ള ഗുരുതരമായ അച്ചടക്ക ലംഘനവും കൃത്യവിലോപവും സർക്കാർ സർവ്വീസ് ചട്ടങ്ങളോടുള്ള വെല്ലുവിളിയാണ്.

ഉദ്യോഗസ്ഥർ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിക്കാത്തത് കാരണം അർഹരായ മറ്റ് ഉദ്യോഗസ്ഥർക്ക് യഥാസമയം സ്ഥാനക്കയറ്റം നൽകുവാൻ സാധിക്കുന്നില്ല . ആയതിനാൽ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാത്ത ഉദ്യോഗസ്ഥരുടെ വിശദീകരണം വാങ്ങി റിപ്പോർട്ടിംഗ്/ റിവ്യൂവിംഗ് ഓഫീസർമാർ ഒരാഴ്ച്ചയ്ക്കകം കൃഷി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ് . അല്ലാത്തപക്ഷം സീനിയോരിറ്റി ലിസ്റ്റിൽ തുടർന്ന് വരുന്നവരെ ഉൾപ്പെടുത്തി (സി.ആർ ലഭ്യമാക്കിയവരെ) ഫീൽഡ് ഓഫ് ചോയ്സ് തയ്യാറാക്കുന്നതും ഇതുമൂലം ഉദ്യോഗസ്ഥർക്ക് സർവ്വീസിലുണ്ടാകുന്ന നഷ്ടത്തിന് അതാത് ഉദ്യോഗസ്ഥർ തന്നെ ഉത്തരവാദികളായിരിക്കുന്നതുമാണ്. എല്ലാ ഓഫീസ് തലവൻമാരും ഉദ്യോഗസ്ഥർ കോൺഫിഡൻഷ്യൽ റിപ്പോർട്ട് യഥാസമയം SCORE മുഖേന സമർപ്പിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

**കാർഷിക വികസന കർഷക ക്ഷേമ**
**വകുപ്പ് ഡയറക്ടർക്കുവേണ്ടി**

SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33

പകർപ്പ്

1. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
2. ഡയറക്ടറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസുകൾക്കും.
3. പ്രോജക്ട് ഡയറക്ടർ, ആത്മ
4. സ്റ്റേറ്റ് എഞ്ചിനീയർ
5. എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രി) കോഴിക്കോട്, ആലപ്പുഴ
6. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ (അഗ്രി)
7. കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും
8. സമേതി, ബി.എം.എഫ്.സി, എല്ലാ ലാബുകൾക്കും
9. ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം
10. ആർ.റ്റി.റ്റി.സി, വെള്ളായണി, ആർ.എ.റ്റി.റ്റി.സി, എഫ്.റ്റി.സി, എല്ലാ മാർക്കറ്റുകളിലും.
11. കെ.എസ്.എസ്.ഡി.എ, എസ്.എച്ച്.എം, എസ്,എഫ്.എസ്, പി.പി.എം.സെൽ, കോക്കനട്ട് സീഡ് അതോറിറ്റി, വടകര, കെ.സി.പി.പി.ഡി.എം മങ്കൊമ്പ്, കെ.എസ്.എസ്.ഡി.എ, തൃശ്ശൂർ
12. ഈ ഓഫീസിലെ എല്ലാ സെക്ഷനുകൾക്കും
13. ഐ.റ്റി.സെക്ഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).